**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2344**

**05.02.2018 - ൽ മറുപടിക്ക്.**

## ഹെക്ലാഡ് ബ്രുവറീസ് ആൻഡ് ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ്

**ചോദ്യം**
**ശ്രീ. ഇ. പി. ജയരാജൻ**

**മറുപടി**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) എറണാകുളം ജില്ലയിലെ വാഴക്കുളം, മൂടിക്കൽ വ്യവസായ എസ്റ്റേറ്റിലെ ഹെക്ലാഡ് ബ്രുവറീസ് ആൻഡ് ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ ഭൂമി അനുവദിച്ച് നൽകിയത് എപ്പോഴാണ്; | (എ) : | എറണാകുളം ജില്ലയിലെ വാഴക്കുളം, മൂടിക്കൽ വ്യവസായ എസ്റ്റേറ്റിലെ കേരള ബ്രുവറീസ് ആൻഡ് ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ കെട്ടിടവും അത് നിൽക്കുന്ന ഭൂമിയും മാത്രം അനുവദിച്ച് നൽകിയത് വ്യവസായ വാണിജ്യ ഡയറക്ടറുടെ 27/02/1974-ലെ കെ6/87069/72 നമ്പർ ഉത്തരവ് പ്രകാരമാണ്. |
| (ബി) സ്ഥാപനത്തിന്റെ നിലവിലെ ഉടമ ആരാണെന്ന് വ്യക്തമാക്കുമോ ; | (ബി) : | സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടർ ശ്രീ. പ്രിൻസ് പി. പട്ടാശ്ശേരിയും, അദ്ദേഹത്തിന്റെ മക്കളായ ശ്രീ. പുന്നൂസ് കിരൺ പ്രിൻസ്, ശ്രീ. ജോസഫ് തരുൺ പട്ടാശ്ശേരി എന്നിവർ ഡയറക്ടർ മാരുമാണ്. |
| (സി) സ്ഥാപനത്തിന്റെയും നിലവിലെ ഉടമയുടെയും കൈവശമുള്ള വ്യവസായ എസ്റ്റേറ്റിലെ ഭൂമിയുടെ തീറാധാരം പ്രസ്തുത വ്യക്തിയുടെ പേരിൽ രജിസ്റ്റർ ചെയ്യണമെന്നാവശ്യപ്പെട്ട് അദ്ദേഹം എപ്പോഴാണ് സർക്കാരിന് അപേക്ഷ സമർപ്പിച്ചത് ; | (സി) : | 26/07/2016-ലാണ് വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | അദ്ദേഹം നൽകിയ അപേക്ഷ പ്രകാരം വ്യവസായ വകുപ്പ് നിർണ്ണയിച്ച് നൽകിയ ഹയർപർച്ചേസ് എഗ്രിമെന്റ് പ്രകാരമുള്ള തുക അദ്ദേഹം ഒടുക്കിയിട്ടുണ്ടോ ; എപ്പോഴാണ് ഒടുക്കിയത് ; | (ഡി) : ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം സർക്കാരിലേക്ക് കുടിശ്ശിക വരുത്തിയ തുക ഒടുക്കുവാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രിൻസ് പി. പട്ടാശ്ശേരി 20/03/2012-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം കുടിശ്ശിക അടയ്ക്കുന്നതിന് 28/03/2012-ൽ അനുവാദം നൽകി. 02/03/2015-ലാണ് തുക ഒടുക്കിയത് |
| (ഇ) | ആകെ എത്ര തുക ഈ ഇനത്തിൽ ഒടുക്കുകയുണ്ടായി ? | (ഇ) : 20,42,030/- രൂപ ഒടുക്കിയിട്ടുണ്ട്. |
| (എഫ്) | വ്യവസായ വകുപ്പ് അധികൃതർ നിശ്ചയിച്ച് നൽകിയ തുക ഒടുക്കി എല്ലാവിധ ബാധ്യതകളും പൂർണ്ണമായും തീർത്ത് തീറാധാരം രജിസ്റ്റർ ചെയ്ത് നൽകുവാൻ അപേക്ഷ നൽകി നാലു വർഷമായിട്ടും അദ്ദേഹത്തിന് നീതി ലഭ്യമായിട്ടില്ല എന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (എഫ്) & (ജി) : ഉണ്ട്. 02/07/1968-ലെ സ.ഉ.(കൈ) നമ്പർ 280/68/വ്യവ പ്രകാരം വ്യവസായ ആവശ്യത്തിനുപയോഗത്തിനായി അനുവദിച്ചിരുന്ന സ്ഥലം വിലയീടാക്കി പതിച്ചു നൽകുന്നതിനു പരിഗണിച്ചിരുന്നില്ല. ഷെഡ് നിർമ്മിച്ചു നൽകുന്നതിനുള്ള നിർദ്ദേശം മാത്രമാണ് പരിഗണിച്ചിരുന്നത്. ഈ സാഹചര്യത്തിൽ അപേക്ഷകൻ ആവശ്യപ്പെടുന്ന 1.65 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നൽകുന്നത് സംബന്ധിച്ച് അപേക്ഷകനെ 13/10/2017-ൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേട്ടതിനുശേഷം ഫയൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്. |
| (ജി) | പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.